## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആവഡ- ആരോഗ്യവകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2021-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ ഇ.എൻ.ടി വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ (ലിസ്റ്റ്–II) സീനിയോറിറ്റി നമ്പർ-13 ആയി ഉൾപ്പെട്ട Dr. Aruljith.K.M-നെ ടി സീനിയോറിറ്റി പട്ടികയിൽ നിന്നും നീക്കം ചെയ്ത തീരുമാനം അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. G.O(P) No.69/2010/H&FWD Dated 17.02.2010
2. Order No.ES-7/581/2021/DHS Dated 02.06.2021.
3. സ.ഉ (സാധാ) നം. 910/2024/H&FWD തീയതി 26.03.2024
4. 22-06-2026 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്
5. 23.06.2026 തീയതിയിലെ Dr. Aruljith.K.M -ന്റെ Email

**ഉത്തരവ് നം: DHS/14675/2025-ES5 തീയതി: 29-09-2026**

---

ആരോഗ്യവകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2021-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ (31.12.2020 വരെ സർവീസിൽ പ്രവേശിച്ചവരുടെയും 31.12.2020 വരെ പി ജി ഡിഗ്രി / ഡിപ്ലോമ യോഗ്യത നേടിയവരുടെ ലിസ്റ്റ്) ഇ.എൻ.ടി വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ (ലിസ്റ്റ്-II) സീനിയോറിറ്റി നമ്പർ-13 ആയി ഉൾപ്പെട്ട Dr. Aruljith.K.M 29.01.2020ൽ സർവീസിൽ പ്രവേശിച്ചതായും, 31.05.2018-ൽ DLO യോഗ്യത നേടിയിരുന്നതായും സീനിയോറിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ടിയാൾ 13.06.2020 മുതൽ 12.06.2022 വരെ ഉപരി പഠനാർത്ഥമുള്ള ശൂന്യവേതന അവധിയിൽ പ്രവേശിച്ചതിനാൽ അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ പുതിയ ജീവനക്കാരനായി മാത്രമേ പരിഗണിക്കുകയുള്ളൂ എന്ന് പരാമർശം (3) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ Dr. Aruljith.K.M-ന് 2021-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയില്ല.

അതിനാൽ **Dr. Aruljith.K.M**-നെ **2021**-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നീക്കം ചെയ്യാൻ താല്ക്കാലികമായി തീരുമാനിച്ച് പരാമർശം **(4)** പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. ആയതിനെതിരെ ടിയാൾ പരാമർശം **(5)** പ്രകാരം സമർപ്പിച്ച അപ്പീൽ പരിഗണിക്കാൻ കഴിയില്ല. ആയത് നിരസിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ **Dr.Aruljith.K.M**-നെ **2021**-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള തീരുമാനം അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Meenakshy V
Date: 29-09-2026
11:22:40

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ
വെബ്സൈറ്റ് മുഖേന)

പകർപ്പ്:-

1.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)
2.ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)
3.സീനിയർ സൂപ്രണ്ട്, ഇ.എ സെക്ഷൻ
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
5. ഫയൽ/ കരുതൽ ഫയൽ